എ.വൈ.ആർ


സൂറ-16

# അന്നഹ്ൽ

وَأَوْحَىٰ رَبُّكَ إِلَى ٱلنَّحْلِ أَنِ ٱتَّخِذِى مِنَ ٱلْجِبَالِ بُيُوتًا وَمِنَ
ٱلشَّجَرِ وَمِمَّا يَعْرِشُونَ ﴿٦٨﴾
ثُمَّ كُلِى مِن كُلِّ ٱلثَّمَرَٰتِ فَٱسْلُكِى سُبُلَ رَبِّكِ ذُلُلًا يَخْرُجُ مِنۢ
بُطُونِهَا شَرَابٌ مُّخْتَلِفٌ أَلْوَٰنُهُۥ فِيهِ شِفَآءٌ لِّلنَّاسِ ۗ إِنَّ فِى ذَٰلِكَ لَءَايَةً لِّقَوْمٍ
يَتَفَكَّرُونَ ﴿٦٩﴾
وَٱللَّهُ خَلَقَكُمْ ثُمَّ يَتَوَفَّىٰكُمْ ۚ وَمِنكُم مَّن يُرَدُّ إِلَىٰٓ أَرْذَلِ ٱلْعُمُرِ لِكَىْ لَا
يَعْلَمَ بَعْدَ عِلْمٍ شَيْـًٔا ۚ إِنَّ ٱللَّهَ عَلِيمٌ قَدِيرٌ ﴿٧٠﴾

**68.** നോക്കുക; നിന്റെ വിധാതാവ് തേനീച്ചകൾക്ക് ബോധനമരുളിയിരിക്കുന്നു. എന്തെന്നാൽ, മലകളിലും മരങ്ങളിലും മനുഷ്യരുണ്ടാക്കുന്ന മേൽപുരകളിലും കൂടുകളുണ്ടാക്കുവിൻ.

**69.** പിന്നെ സകലയിനം പൂക്കളിൽ നിന്നും തേനുണ്ട് വിധാതാവ് ഒരുക്കിത്തന്ന വഴികളിൽ ചരിക്കുവിൻ. അവയുടെ ഉള്ളറകളിൽനിന്ന് വ്യത്യസ്ത വർണങ്ങളിലുള്ള പാനീയം സ്രവിക്കുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. ചിന്തിക്കുന്ന ജനത്തിന് തീർച്ചയായും ഇതിലുമുണ്ടൊരു മഹത്തായ ദൃഷ്ടാന്തം.

**70.** ഇനിയും ചിന്തിച്ചുനോക്കുക: അല്ലാഹു നിങ്ങളെ സൃഷ്ടിച്ചു. അനന്തരം മരിപ്പിക്കുന്നു. നിങ്ങളിൽ ചിലർ പടുവാർധക്യത്തിലേക്കു തള്ളപ്പെടുന്നു; പലതും അറിഞ്ഞശേഷം ഒന്നും അറിയാത്ത അവസ്ഥയിലെത്താൻ. തീർച്ചയായും അല്ലാഹു മാത്രമാകുന്നു എല്ലാം അറിയുന്നവനും എന്തിനും കഴിവുള്ളവനും.

وَأَوْحَىٰ رَبُّكَ= (നോക്കുക) നിന്റെ വിധാതാവ് ബോധനമരുളി, വെളിപാടുനൽകി إِلَى ٱلنَّحْلِ= തേനീച്ചയിലേക്ക്
أَنِ ٱتَّخِذِى= എന്തെന്നാൽ നീ എടു(ഉണ്ടാ)ക്കുക مِنَ ٱلْجِبَالِ= മലകളിൽനിന്ന് بُيُوتًا= വീ(കൂ)ടുകൾ وَمِنَ ٱلشَّجَرِ= മരങ്ങളിൽനിന്നും
وَمِمَّا يَعْرِشُونَ= അവർ(മനുഷ്യർ) ഉണ്ടാക്കുന്ന മേൽപുരകളിൽ നിന്ന്, പന്തലുകളിൽനിന്നും ثُمَّ= പിന്നെ
كُلِى = (തേനുണ്ട്) നീ ആഹരിക്കുക مِن كُلِّ ٱلثَّمَرَٰتِ= (സകലയിനം പൂക്കളിൽനിന്നും) സകല പഴങ്ങളിൽനിന്ന് فَٱسْلُكِى = നീ ചരിക്കുക
سُبُلَ رَبِّكِ ذُلُلًا= നിന്റെ നാഥന്റെ മെരുങ്ങിയ നിലയിലുള്ള(നാഥൻ ഒരുക്കിത്തന്ന)വഴികളിൽ يَخْرُجُ= പുറപ്പെടുന്നു, സ്രവിക്കുന്നു
مِنۢ بُطُونِهَا= (ഉള്ളറകളിൽനിന്ന്) അവയുടെ വയറുകളിൽനിന്ന് شَرَابٌ= പാനീയം مُّخْتَلِفٌ أَلْوَٰنُهُۥ= വ്യത്യസ്ത നിറങ്ങളിലുള്ള
فِيهِ= അതിൽ ഉണ്ട് شِفَآءٌ= രോഗശമനം لِّلنَّاسِ= മനുഷ്യർക്ക് إِنَّ فِى ذَٰلِكَ= തീർച്ചയായും അതിൽ ഉണ്ട്
لَءَايَةً= ഒരു(മഹത്തായ) ദൃഷ്ടാന്തം لِّقَوْمٍ يَتَفَكَّرُونَ= ചിന്തിക്കുന്ന ജനത്തിന്
وَٱللَّهُ خَلَقَكُمْ= (ഇനിയും ചിന്തിച്ചു നോക്കുക) അല്ലാഹു നിങ്ങളെ സൃഷ്ടിച്ചു ثُمَّ يَتَوَفَّىٰكُمْ= അനന്തരം അവൻ നിങ്ങളെ മരിപ്പിക്കുന്നു
وَمِنكُم مَّن= നിങ്ങളിൽ(ചിലർ) ഉണ്ട് يُرَدُّ= അവൻ തള്ളപ്പെടുന്നു إِلَىٰٓ أَرْذَلِ ٱلْعُمُرِ = അവശമായ പടുവാർധക്യത്തിലേക്ക്
لِكَىْ لَا يَعْلَمَ= അറിയാതിരിക്കാൻ بَعْدَ عِلْمٍ= അറിവിന്ന്(പലതും അറിഞ്ഞ)ശേഷം شَيْـًٔا= യാതൊന്നും
إِنَّ ٱللَّهَ عَلِيمٌ= എല്ലാം അറിയുന്നവൻ തീർച്ചയായും അല്ലാഹു(മാത്രം) ആകുന്നു قَدِيرٌ= കഴിവുള്ളവനായ(എന്തിനു കഴിവുള്ളവനും)

**68,69.** കായ്കനികളാകുന്ന അനുഗ്രഹം അനുസ്മരിച്ച ശേഷം ആ കായ്കനികളിൽ നിന്നു തന്നെ തേനീച്ചകൾ ശേഖരിക്കുന്ന തേനിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. തേനീച്ചകൾ ജന്മവാസനയാൽ പാറക്കെട്ടുകളിലും മരങ്ങളിലും വള്ളികളിലും മനുഷ്യർ നിർമിക്കുന്ന കെട്ടിടങ്ങളുടെ മേൽപുരകളിലുമൊക്കെ കൂട്ടം ചേർന്ന് കൂടുകളുണ്ടാക്കുന്നു. വിധാതാവ് മനുഷ്യരുടെ ഗുണത്തിനുവേണ്ടി, അവക്ക് നിശ്ചയിച്ച ദൗത്യം പൂർത്തീകരിക്കാൻ പൂക്കൾ തോറും പാറി നടന്ന് തേനുണ്ണുകയും പിന്നെ സ്വന്തം വീടുകളിൽ ശേഖരിച്ചു സൂക്ഷിക്കുകയും ചെയ്യുന്നു. ആ തേൻ മനുഷ്യരുടെ പലവക രോഗങ്ങൾക്ക് ശമനൗഷധമാണ്. ഓരോ തേനീച്ചയും എത്ര കണിശവും ആസൂത്രിതവുമായിട്ടാണ് പ്രവർത്തിക്കുന്നതെന്നോർക്കുക.

തേനീച്ചകൾക്ക് അല്ലാഹു നൽകിയ നൈസർഗിക സ്വഭാവത്തെ وَأَوْحَىٰ رَبُّكَ (നിന്റെ നാഥൻ വഹ്‌യ് നൽകി) എന്നാണ് പറഞ്ഞിരിക്കുന്നത്. ഗോപ്യമായി അറിയിക്കുക എന്നാണ് വഹ്‌യിന്റെ ഭാഷാർഥം. ഇതു പലതരത്തിലുണ്ട്. ആരും പഠിപ്പിക്കുകയോ പറഞ്ഞുകൊടുക്കുകയോ ചെയ്യാതെ ജീവജാലങ്ങൾക്ക് ജന്മനാ ലഭിക്കുന്ന അറിവുകളാണ് അതിലൊന്ന്. ഏറ്റവും ഉയർന്ന ജീവിയായ മനുഷ്യനെ നടക്കാൻ അവന്റെ മാതാപിതാക്കൾ പഠിപ്പിക്കണം. എന്നാൽ ഏറ്റം നിസ്സാര ജീവിയായ കൊതുകിനെ പറക്കാൻ ആരും പഠിപ്പിക്കേണ്ട. ആയിരക്കണക്കിൽ കിലോമീറ്ററുകളകലെ സൈബീരിയയിലും മറ്റുമുള്ള ചില പക്ഷികൾ ചില പ്രത്യേക സീസണുകളിൽ അവയുടെ ജീവിതത്തിന് ഏറ്റവും അനുയോജ്യമായ കേരളത്തിന്റെ കായൽ തീരങ്ങളിലും വനപ്രദേശങ്ങളിലുമെത്തുന്നു. സീസൺ കഴിയുമ്പോൾ വന്നിടത്തേക്കു തന്നെ തിരിച്ചു പോകുന്നു. പ്രജനനത്തിനും കുഞ്ഞുങ്ങളുടെ വളർച്ചക്കും ഏറ്റം പറ്റിയ സ്ഥലത്തേക്ക് മഹാദൂരങ്ങൾ നീന്തിക്കടന്നു വരുന്ന മത്സ്യങ്ങളുണ്ട്. പ്രജനനാനന്തരം അവയും കുഞ്ഞുങ്ങളും അവയുടെ ജീവിത സാഹചര്യങ്ങളിലേക്ക് തിരിച്ചു പോകുന്നു. കൊച്ചു കമ്പുകളും നാരുകളും കൊണ്ട് പക്ഷികൾ വീടുകളുണ്ടാക്കുന്നത് എത്ര വിദഗ്ധമായാണ്?! ഓരോ ജീവിക്കും അവയുടെ ജീവിതം നിലനിർത്താനും ധർമങ്ങൾ പൂർത്തീകരിക്കാനും ആവശ്യമായ വിവരങ്ങളും വൈദഗ്ധ്യങ്ങളും ശീലങ്ങളുമുണ്ട്. ഇത് അല്ലാഹു നേരിട്ടു നൽകിയ ബോധനങ്ങൾ- വഹ്‌യ് ആണ്. നമ്മൾ ഇതിനെ നൈസർഗിക സ്വഭാവം, ജന്മ വാസനകൾ എന്നൊക്കെ പറയുന്നു. ഇതേ അർഥത്തിലാണ് وَأَوْحَىٰ فِى كُلِّ سَمَآءٍ أَمْرَهَا ൽ ഓരോ വാനത്തിനും അതിന്റെ ധർമം വഹ്‌യ് നൽകി എന്നും പ്രസ്താവിച്ചിട്ടുള്ളത്. വഹ്‌യ് മനുഷ്യർക്കും ജിന്നുകൾക്കും ഭൗതിക സൃഷ്ടികൾക്കും മാത്രമല്ല മലക്കുകൾക്കും ഉണ്ട്. 8:12ൽ പറയുന്നു إِذْ يُوحِى رَبُّكَ إِلَى ٱلْمَلَـٰٓئِكَةِ أَنِّى مَعَكُمْ (നിന്റെ നാഥൻ ഞാൻ നിങ്ങളോടൊപ്പമുണ്ടെന്ന് മലക്കുകളിലേക്ക് വഹ്‌യ് അയച്ചതോർക്കുക).

മനുഷ്യർ പരസ്പരം നൽകുന്ന രഹസ്യ പ്രേരണകളും പ്രചോദനങ്ങളുമാണ് മറ്റൊരു വഹ്‌യ്.

وَكَذَٰلِكَ جَعَلْنَا لِكُلِّ نَبِىٍّ عَدُوًّا شَيَـٰطِينَ ٱلْإِنسِ وَٱلْجِنِّ يُوحِى بَعْضُهُمْ

إِلَىٰ بَعْضٍ زُخْرُفَ ٱلْقَوْلِ غُرُورًا

(ഇപ്രകാരം വഞ്ചനാത്മകമായ മോഹന വർത്തമാനം പരസ്പരം വഹ്‌യ് ചെയ്യുന്ന പൈശാചിക നരന്മാരെയും പൈശാചിക ജിന്നുകളെയും നാം എല്ലാ പ്രവാചകന്മാരുടെയും ശത്രുക്കളാക്കിയിട്ടുണ്ട് 6:112) എന്ന വാക്യത്തിലെ 'വഹ്‌യി'ന്റെ താൽപര്യം അതാണ്. സത്യത്തിന്നെതിരെ തർക്കിക്കാൻ അവിശ്വാസികൾക്ക് ചെകുത്താൻ കുയുക്തികൾ തോന്നിക്കുന്നതിനെയും ഖുർആൻ 'വഹ്‌യ്' എന്ന് വ്യവഹരിക്കുന്നുണ്ട്. وَإِنَّ ٱلشَّيَـٰطِينَ لَيُوحُونَ إِلَىٰٓ أَوْلِيَآئِهِمْ لِيُجَـٰدِلُوكُمْ (ചെകുത്താന്മാർ അവരുടെ മിത്രങ്ങൾക്ക് നിങ്ങളോടു തർക്കിക്കാൻ തീർച്ചയായും വഹ്‌യ് നൽകുന്നുണ്ട് (6:121).

കാര്യമായ ഗവേഷണമോ പഠനമോ ഒന്നും നടത്താതെ വലിയ വലിയ സത്യങ്ങൾ ചിലപ്പോൾ ചില മനുഷ്യരുടെ മനസ്സിൽ തെളിയുന്നു. പ്രതിസന്ധികളിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗങ്ങളും ചിലപ്പോൾ ഇങ്ങനെ തെളിഞ്ഞുവരാം. ചിലപ്പോൾ ഗൗരവമുള്ള ശാസ്ത്ര സത്യങ്ങളും യാദൃഛികമായി മനസ്സിൽ തോന്നാം. ചിലരുടെ മനസ്സിൽ ദൂരെയെങ്ങോ സംഭവിച്ചതോ ഭാവിയിൽ വരാനിരിക്കുന്നതോ ആയ സംഗതികളെക്കുറിച്ചും യാദൃഛികമായി അറിവുണരുന്നു. ഇത്തരം ബോധോദയങ്ങളും 'വഹ്‌യി'ൽ പെടുന്നു. വഹ്‌യുകൾ كشف-القاء-الهام എന്നിങ്ങനെയും അറിയപ്പെടുന്നു. ഇൽഹാമിന്റെയും അർഥം നിഗൂഢമായി അറിയിക്കുക എന്നാണ്. അല്ലാഹു മനസ്സിൽ അല്ലെങ്കിൽ പ്രകൃതിയിൽ ഇട്ടുകൊടുക്കുന്നത് എന്ന നിലക്കാണ് القاء എന്നു പറയുന്നത്. വെളിപ്പെടലാണ് كشف. ഇതിൽ ഇൽഹാമും കശ്ഫും ഉപയോഗിക്കാറുള്ളത് വിശുദ്ധന്മാരുടെയും പുണ്യാത്മാക്കളുടെയും(اولياء) ബോധോദയങ്ങളെക്കുറിക്കാനാണ്. അത് അല്ലാഹുവിങ്കൽനിന്ന് നേരിട്ട് ലഭിക്കുന്ന ജ്ഞാനമാണെന്ന് കരുതപ്പെടുന്നു. 'ഇൽഖാഅ്' എല്ലാതരം വഹ്‌യുകൾക്കും പറയും. സാധാരണ മനുഷ്യർക്ക് ഇത്തരം ബോധോദയമുണ്ടാകുന്നതിനുദാഹരണമാണ് മൂസാനബിയുടെ മാതാവിന് പുത്രനെ പേടകത്തിലാക്കി നദിയിലെറിയാൻ തോന്നിയത്. അതെപ്പറ്റി ഖുർആൻ പറയുന്നു. وَأَوْحَيْنَآ إِلَىٰٓ أُمِّ مُوسَىٰٓ أَنْ أَرْضِعِيهِ ۖ فَإِذَا خِفْتِ عَلَيْهِ فَأَلْقِيهِ فِى ٱلْيَمِّ (നാം മൂസായുടെ മാതാവിന് വഹ്‌യ് നൽകി: കുഞ്ഞിനെ മുലയൂട്ടുക. അവന്റെ ജീവനിൽ ഭയമുണ്ടായാൽ പുഴയിലെറിഞ്ഞേക്കുക - 28:7) ഇവിടെ കുഞ്ഞിനു മുലയൂട്ടാൻ വഹ്‌യ് നൽകി എന്നു പറഞ്ഞത് ശ്രദ്ധേയമാകുന്നു. മാതാക്കൾക്ക് കുട്ടികളെ മുലയൂട്ടാനുള്ള താൽപര്യം- നൈസർഗികവാസന- അല്ലാഹുവിങ്കൽ നിന്നുള്ള 'വഹ്‌യ്' ആണ്. മാതാവിന്റെ മുലയുണ്ട് വിശപ്പകറ്റാനുള്ള കുഞ്ഞിന്റെ നൈസർഗികബോധവും അല്ലാഹുവിന്റെ വഹ്‌യ് തന്നെ. അതേ പോലെ ഉണ്ടായ ഒരു ബോധം തന്നെയായിരുന്നു ജീവരക്ഷാർഥം കുഞ്ഞിനെ പേടകത്തിലാക്കി പുഴയിലൊഴുക്കാൻ തോന്നിയതും.

ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിലുള്ള 'വഹ്‌യ്' ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ്. തന്റെ പ്രവാചകനായി തെരഞ്ഞെടുത്തവർക്ക് അല്ലാഹു നൽകുന്ന സന്ദേശമാണത്. അത് ചിലപ്പോൾ മലക്കുകൾ വന്ന് പ്രവാചകന്മാർക്ക് പറഞ്ഞുകൊടുക്കുന്നതാവാം. അവരുടെ മനസ്സിലേക്ക് അല്ലാഹു നേരിട്ടു വിക്ഷേപിക്കുന്നതാകാം. ചിലപ്പോൾ സ്വപ്നദർശന രൂപത്തിലും വഹ്‌യുണ്ടാവാം. ഏത് രൂപത്തിലായാലും അത് അല്ലാഹുവിൽ നിന്നുള്ള സന്ദേശമാണെന്ന് പ്രവാചകന്മാർ അറിയുകയും ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു. ഇങ്ങനെ നൽകപ്പെടുന്ന ദൈവിക സന്ദേശങ്ങൾ ആദർശ വിശ്വാസങ്ങളും ആചാര വിധികളുമടങ്ങുന്ന ജീവിതമാർഗദർശനമായിരിക്കും. ഈ മാർഗദർശനം സ്വയം പിന്തുടരുന്നതോടൊപ്പം ജനങ്ങളെ അതിലേക്ക് ക്ഷണിക്കേണ്ടതും അതിന്റെ പ്രായോഗിക മാതൃകയായി ജീവിക്കേണ്ടതും പ്രവാചകന്റെ നിർബന്ധ ബാധ്യതയാകുന്നു. എന്നാൽ പ്രവാചകന്മാരല്ലാത്തവർക്കു ലഭിക്കുന്ന വഹ്‌യു

കൾ(ഇൽഹാമും കശ്ഫും ഇൽഖാഉം) ക്ക് ഈ പദവിയില്ല. അവയിലൂടെ ലഭിക്കുന്ന ജ്ഞാനം വിശ്വാസ പ്രമാണമോ ശരീഅത്തു നിയമമോ ആകുന്നുമില്ല.

أَنِ ٱتَّخِذِى مِنَ ٱلْجِبَالِ بُيُوتًا എന്നവാക്യം തേനീച്ചകളുടെ കൂടു നിർമാണം കേവലം യാദൃഛികമല്ലെന്നും അല്ലാഹു അതിന് നൽകിയ ബോധനമനുസരിച്ചാണെന്നും സൂചിപ്പിക്കുന്നു. ഷട്ഭുജാകൃതിയിൽ ഒരേ അളവിലുള്ള അറകളായിട്ടാണവ കൂടു നിർമിക്കുന്നത്. ചില അറകളിൽ തേനും ചിലതിൽ കുഞ്ഞുങ്ങളെ വളർത്താൻ മെഴുകും സൂക്ഷിക്കുന്നു. മനുഷ്യർക്ക് പല വിധത്തിൽ പ്രയോജനപ്പെടുന്ന വസ്തുവാണീ മെഴുകും. ഒരു റാണിയുടെ കീഴിലുള്ള സൈന്യമെന്നോണമാണ് തേനീച്ചക്കൂട്ടങ്ങൾ ജീവിക്കുന്നത്. റാണി കൂടുവിട്ടു പോയാൽ മറ്റു ഈച്ചകളും കൂട്ടത്തോടെ അതിനെ പിന്തുടരുന്നു. സംഗീതാത്മകമായ ചില പ്രത്യേക ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഇവ പരസ്പരം ആശയവിനിമയം നടത്തുന്നതായി ഗവേഷകർ അഭിപ്രായപ്പെടുന്നു. തേനീച്ചകൾ പല ഇനങ്ങളുണ്ട്. എല്ലാ ഇനങ്ങളുടെയും ജീവിത ക്രമം ഒരേ മട്ടിൽ തന്നെ. ഒരു തേനീച്ചക്കൂട്ടിൽ റാണി, വേലക്കാർ, പുരുഷന്മാർ എന്നിങ്ങനെ മൂന്നു വിഭാഗമുണ്ട്. ഒരു കൂട്ടിൽ റാണി ഒന്നേയുണ്ടാകൂ. കൂടുതൽ റാണികൾ ജനിച്ചാൽ പുതിയ റാണിമാർ കുറെ ഈച്ചകളെയും കൂട്ടി പിരിഞ്ഞുപോയി മറ്റൊരു കൂടു സ്ഥാപിക്കുന്നു. മുട്ടയിടുക മാത്രമാണ് റാണിയുടെ പണി. ഒരു റാണി ദിവസം 3000 മുട്ടകൾ വരെ ഇടുമത്രെ. വേലക്കാർ പെണ്ണീച്ചകളാണ്. പക്ഷേ, പ്രജനനശേഷിയില്ല. അതിനാൽ അവയെ നപുംസകങ്ങൾ എന്നും പറയും. ഇവരാണ് തേനീച്ചക്കൂട്ടിലെ പ്രധാന അംഗങ്ങൾ. തേൻ ശേഖരിക്കുക, മെഴുകുൽപാദിപ്പിക്കുക, തേനറകൾ നിർമിക്കുക, അറകൾ ശുദ്ധീകരിക്കുക, കുഞ്ഞുങ്ങളെ വളർത്തുക തുടങ്ങിയ കാര്യങ്ങളെല്ലാം ചെയ്യുന്നത് ഇക്കൂട്ടരാണ്. പുരുഷന്മാർ റാണിയുടെ ഭർത്താക്കന്മാരാണ്. റാണിയുമായി ഇണചേരുകയല്ലാതെ അവർക്കുവേറെ പണിയൊന്നുമില്ല. അതുകൊണ്ട് ഇക്കൂട്ടരെ മടിയന്മാർ എന്നും വിളിക്കുന്നു. റാണിയുടെ ആയുസ്സ് മൂന്ന് കൊല്ലവും ഭർത്താക്കന്മാരുടേത് 4 മാസവും വേലക്കാരുടേത് മൂന്ന് മൂന്നര മാസവുമാണ്.

പന്തൽ/മേൽപ്പുരയുണ്ടാക്കി എന്നർഥമുള്ള عَرَش യുടെ ഭാവി വചനമാണ് يعرش. മനുഷ്യർ നിർമിക്കുന്ന കെട്ടിടങ്ങളുടെ മേൽപുരകളും സഭകൂടാനും വള്ളികൾ പടർത്താനും ഉണ്ടാക്കുന്ന പന്തലുകളും ഇതിന്റെ അർഥത്തിൽ ഉൾപ്പെടുന്നു.

ثُمَّ كُلِى مِن كُلِّ ٱلثَّمَرَٰتِ എന്ന വാക്യത്തിന്റെ താൽപര്യം വീടു സജ്ജീകരിക്കാൻ ബോധനം ചെയ്ത അല്ലാഹു തന്നെ തേൻ ശേഖരിക്കാനും ബോധനം ചെയ്തു എന്നാണ്. പഴങ്ങളുടെ മൂലരൂപമാണ് പൂവ്. പൂവിൽ നിന്നു തേനുണ്ണുക എന്നു കൽപിക്കുന്നതിനു പകരം പഴങ്ങളിൽ നിന്ന് തേനുണ്ണുക എന്ന് പറഞ്ഞതതുകൊണ്ടാണ്. പൂവിലൂടെയല്ലാതെ ഒരു ചെടിയും കായ്ക്കുന്നില്ല. വഴിയുടെ മധ്യത്തിലൂടെ നടക്കുകയാണ് ഭാഷാർഥത്തിൽ سلوك. അതിന്റെ സ്ത്രീലിംഗ ശാസന ക്രിയാരൂപമാണ് أسلكى. ഒരു വഴിക്ക് സഞ്ചരിക്കുന്നതിനും ഒരു സംരംഭത്തിൽ ഏർപ്പെടുന്നതിനും സവിശേഷമായ ജീവിത ചര്യ സ്വീകരിക്കുന്നതിനും سلوك ഉപയോഗിക്കും. മെരുക്കമുള്ളത്, വഴക്കമുള്ളത്, വശപ്പെട്ടത് എന്നീ അർഥങ്ങളുള്ള ذلول ന്റെ ബഹുവചനമാണ് ذلل. അല്ലാഹു വശപ്പെടുത്തി തന്ന ജീവിതപാതയിലൂടെ സഞ്ചരിക്കുക, അഥവാ ജീവിത ധർമങ്ങൾ നിർവഹിക്കുക എന്നാണ് فَٱسْلُكِى سُبُلَ رَبِّكِ ذُلُلًا എന്ന വാക്യത്തിന്റെ താൽപര്യം. അതായത് അവയുടെ നിലനിൽപിനും മനുഷ്യരുടെ പ്രയോജനത്തിനും ഉതകും വണ്ണം തേൻ ശേഖരിച്ച് പോഷകഗുണങ്ങളും ഔഷധ വീര്യവുമുള്ളതാക്കി പരിവർത്തിപ്പിച്ചു സൂക്ഷിക്കുന്ന ക്രിയയിലേർപ്പെടുക.

نحل ബഹുവചനമാണ്. نحلة ആണ് ഏകവചനം. نحل ബഹുവചനമായതുകൊണ്ടാവാം بُطُونِهَا- അവയുടെ വയറുകൾ- എന്നു ബഹുവചനം ഉപയോഗിച്ചത്. തേനീച്ചകൾ പുഷ്പങ്ങളിൽനിന്ന് ഊറ്റുന്ന സത്ത് അവയുടെ ഉദരത്തിലെ മൂന്ന് അറകളിലൂടെ കടന്നുപോന്നശേഷമാണ് യഥാർഥ തേൻ ആയി അറകളിലേക്ക് സ്രവിക്കുന്നത്. ഉദരത്തിലെ ഈ അറകളെ ഉദ്ദേശിച്ചുമാവാം بطون എന്ന ബഹുവചനം ഉപയോഗിച്ചത്. ഉള്ളറകൾ എന്ന് അതിനെ തർജമ ചെയ്തത് അതുകൊണ്ടാണ്. വെള്ള, ചുകപ്പ്, മഞ്ഞ എന്നീ മൂന്നു നിറങ്ങളിൽ തേൻ കാണപ്പെടുന്നു. വ്യത്യസ്ത നിറങ്ങളിലുള്ള തേനുകൾക്ക് വ്യത്യസ്ത ഔഷധ ഗുണങ്ങളുമുണ്ട്. എങ്കിലും പ്രധാന ഗുണങ്ങൾ എല്ലാ തേനുകൾക്കും പൊതുവായിട്ടുള്ളതാണ്.

തേൻ മികച്ച ആഹാരപാനീയമാണ്. ജീവൻ നിലനിൽക്കാനാവശ്യമായ ഏതാണ്ടെല്ലാ പോഷകങ്ങളും അതിൽ അടങ്ങിയിട്ടുണ്ട്. شَرَابٌ എന്ന പദപ്രയോഗം ഇതു സൂചിപ്പിക്കുന്നു. തേനിന്റെ ഔഷധവീര്യം പുരാതനകാലം മുതലേ അറിയപ്പെട്ടതാണ്. പല രോഗങ്ങൾക്കും കലർപ്പില്ലാത്ത തേൻ ഔഷധമായി ഉപയോഗിക്കുന്നു. ചില ഔഷധങ്ങളിൽ പ്രധാന ചേരുവയാണത്. ചില ഔഷധങ്ങൾ കേടുവരാതെ സൂക്ഷിക്കാനും തേൻ പ്രയോജനപ്പെടുന്നു. തേനിന്റെ ഔഷധ ഗുണത്തെക്കുറിച്ച് അനേകം ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. പലവക രോഗങ്ങളാൽ ആവലാതിപ്പെട്ടുകൊണ്ട് സമീപിക്കുന്ന ശിഷ്യന്മാർക്ക് തിരുമേനി തേൻ ഔഷധമായി നിർദേശിക്കാറുള്ളതായും നിവേദനങ്ങളുണ്ട്. ഗ്ലൂക്കോസുകൾ, പലതരം അമ്ലങ്ങൾ, പ്രോട്ടീനുകൾ, മെഴുക്, യീസ്റ്റ്, പൊട്ടാസ്യം, ക്ലോറിൻ, സോഡിയം ഫോസ്ഫറസ്, മഗ്നീഷ്യം, സിലിക്ക, ഇരുമ്പ്, ചെമ്പ്, അലൂമിനിയം, മാംഗനീസ്, വിറ്റാമിൻ എ, ബി തുടങ്ങിയ ഒട്ടേറെയാണ് തേനുൾക്കൊള്ളുന്ന ഘടകങ്ങൾ.

തേനീച്ചകൾ പൂക്കളിൽ നിന്ന് തേനെടുക്കുക മാത്രമല്ല ചെയ്യുന്നത്. പൂക്കൾ തോറും പാറി നടക്കുന്ന കൊച്ചു ചിറകടികളിലൂടെ അവ പരാഗണം നടത്തുന്നുമുണ്ട്. പൂക്കൾ ഫലങ്ങളായിത്തീരാൻ അനിവാര്യമാണീ പരാഗണം. തേനീച്ച പൂക്കളെ ആകർഷിക്കുന്നതുപോലെ പൂക്കൾ തേനീച്ചയെയും ആകർഷിക്കുന്നു. പൂക്കളുടെ, കനിയായിത്തീരുന്ന ഭാഗം തന്നെ ചെറുതാണ്. തേനീച്ചകളുടെ കണ്ണിൽ പെടാതിരിക്കാൻ ഏറെ സാധ്യതയുള്ളത്. പൂക്കളിൽ തേനൂറുന്നതും ചുറ്റും വർണ ശബളവും സുരഭിലവുമായ ഇതളുകൾ വിടരുന്നതും തേനീച്ചകളെയും പൂമ്പാറ്റകളെയും ആകർഷിക്കാനാണ്. ഈ ധർമം നിർവഹിച്ചു കഴിഞ്ഞാൽ ഇതളുകൾ വാടിക്കൊഴിഞ്ഞു പോവുകയും കായ് ആയിത്തീരേണ്ട ഭാഗം മാത്രം അവശേഷിക്കുകയും ചെയ്യുന്നു.

കേവലം ഒരു തേനീച്ചയുടെ സൃഷ്ടിയിൽ അടങ്ങുന്ന, അല്ലാഹുവിന്റെ യുക്തിയുടെയും ആസൂത്രണവൈഭവത്തിന്റെയും പരിപാലകത്വത്തിന്റെയും ദൃഷ്ടാന്തങ്ങളാണിവിടെ ചൂണ്ടിക്കാണിച്ചത്. മനുഷ്യർ അതെക്കുറിച്ച് ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്നതിലൂടെ അല്ലാഹുവിനെയും അവന്റെ മഹിതഗുണങ്ങളെയും കണ്ടെത്തുകയും അതിന്റെ താൽപര്യങ്ങളുടെ വെളിച്ചത്തിൽ സ്വന്തം ഇഹവും പരവും ഭാസുരമാക്കുകയും ചെയ്യേണ്ടതാണ്. ഇതാണ് .......إِنَّ فِى ذَٰلِكَ എന്ന വാക്യത്തി

ലൂടെ ഉണർത്തുന്നത്.

**70.** ഇനി ഓരോ മനുഷ്യന്റെയും ജീവിതവുമായി ബന്ധപ്പെട്ട ചില സംഗതികളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. മനുഷ്യനെ അവൻ തന്നെ സൃഷ്ടിച്ചതല്ല. അവന്റെ ആയുസ്സ് നിശ്ചയിക്കുന്നതും അവനല്ല. മനുഷ്യനെ സൃഷ്ടിക്കുന്നതും അവന്റെ ആയുസ്സ് കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നതും അല്ലാഹു മാത്രമാണ്. യാതൊന്നും അറിയാത്തവനായി ജനിക്കുന്ന മനുഷ്യൻ പിന്നെ പല പല വിജ്ഞാനങ്ങളാർജിക്കുന്നു. അവരിൽ ചിലർ നേരത്തെ മരിച്ചു പോകുന്നു. ചിലർ ദീർഘകാലം ജീവിക്കുകയും ഒടുവിൽ അറിവുകളെല്ലാം നഷ്ടപ്പെട്ട് ഒന്നും അറിയാത്ത അവസ്ഥയിലേക്ക് തിരിച്ചെത്തുകയും ചെയ്യുന്നു. അല്ലാഹു മാത്രമാണ് അപാരവും അക്ഷയവുമായ ജ്ഞാനത്തിനുടമ. ചില മനുഷ്യർ പടുവാർധക്യത്തിലേക്ക് തള്ളപ്പെടുന്നു. وَمِنكُم مَّن يُرَدُّ إِلَىٰٓ أَرْذَلِ ٱلْعُمُرِ എന്ന വാക്യത്തിൽ നിന്ന് മറ്റു ചിലർ ശൈശവത്തിലോ യൗവനത്തിലോ മധ്യവയസിലോ മരിച്ചു പോകുന്നു എന്ന ആശയം സ്വയം സിദ്ധമാകുന്നു. മരണം ഏതു ഘട്ടത്തിലായാലും അതു നിശ്ചയിക്കുന്നത് അല്ലാഹുവാണ്.

لِكَىْ لَا يَعْلَمَ بَعْدَ عِلْمٍ شَيْـًٔا എന്ന വാക്യത്തിലെ 'لِ' കാരണ സൂചകവുമാകാം, പരിണതി സൂചകവുമാകാം. കാരണ സൂചകമായി കരുതുമ്പോൾ യാതൊന്നും അറിയാത്തവരായിത്തീരാൻ തന്നെയാണ് ചിലരെ പടുവാർധക്യത്തിലെത്തിക്കുന്നതെന്നാകുന്നു താൽപര്യം. പരിണതി സൂചകമാകുമ്പോൾ, ചിലർ പടുവാർധക്യത്തിലെത്തുകയും അങ്ങനെ ഒന്നും അറിയാത്തവരായി പരിണമിക്കുകയും ചെയ്യുന്നു എന്നും. വാർധക്യത്തിന്റെ ഈ അജ്ഞതയും വിസ്മൃതിയും പൊതുവിൽ കണ്ടുവരുന്നതാണ്. ചില വയോ വൃദ്ധന്മാർ സ്വന്തം പേരുപോലും മറന്നുപോകുന്നു. മനുഷ്യന്റെ ബുദ്ധിയും കഴിവുകളും സ്വാതന്ത്ര്യങ്ങളുമെല്ലാം അല്ലാഹുവിന്റെ ഔദാര്യം മാത്രമാണെന്നും അവനിഛിക്കുമ്പോൾ അതെല്ലാം ക്ഷയിക്കുകയോ പൂർണമായി ഇല്ലാതാവുകയോ ചെയ്യുമെന്നുമാണതിൽ നിന്ന് മനസ്സിലാക്കേണ്ടത്. സ്വന്തം വിജ്ഞാനത്തിലും ബുദ്ധി വൈഭവത്തിലും ഊറ്റം കൊള്ളുന്ന മനുഷ്യൻ തന്റെ ബുദ്ധിയിൽ നിന്നും വിജ്ഞാനത്തിൽ നിന്നും കഴിവുകളിൽനിന്നും അധികാരങ്ങളിൽ നിന്നുമെല്ലാം തികച്ചും മുക്തനായി, ആർത്തു കരയുന്ന നവജാത ശിശുവിന്റെ അവസ്ഥയിലെത്തുന്നത് സ്വയം കാണേണ്ടിവരുന്നു. പണ്ട് താൻ പല യോഗ്യതകളുമുള്ള മഹാകേമനായിരുന്നു എന്നുപോലും അപ്പോൾ അവൻ അറിയുന്നില്ല. അവന്റെ ജീവന്റെ നിലനിൽപ് പൂർണമായും മറ്റുള്ളവരുടെ ദാക്ഷിണ്യത്തെ ആശ്രയിച്ചാകുന്നു. അവന്റെ ശക്തികളും ഗുണങ്ങളുമെല്ലാം അതിന്റെ ദാതാവ് തിരിച്ചെടുത്തിരിക്കുന്നു. അവൻ മാത്രമാണ് സർവജ്ഞനും സർവശക്തനും. അല്ലാഹുവിന്റെ ഔദാര്യത്താൽ സിദ്ധിച്ച കഴിവുകളിലും യോഗ്യതകളിലും ഊറ്റം കൊണ്ട് മനുഷ്യൻ വഞ്ചിതനായിക്കൂടാ. മനുഷ്യന്റെ ഏതു സദ്ഗുണവും നിർബന്ധമായി ആവശ്യപ്പെടുന്നത് അതിന്റെ ദാതാവിനോടുള്ള നന്ദിയും വിധേയത്വവുമാകുന്നു. ■